പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 198

# 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 198

# 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

# 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

(ശ്രീ. വി. പി. സജീന്ദ്രൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ കാറ്ററിംഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിനും അവരെ മാനസികവും ശാരീരികവുമായ പീഡനങ്ങളിൽ നിന്നും സാമൂഹികവും സാമ്പത്തികവുമായ ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് കാറ്ററിംഗ് മേഖയിൽ ഒരു ലക്ഷത്തിലധികം ആളുകൾ പണിയെടുക്കുന്നുണ്ട്. ഈ തൊഴിലാളികൾക്ക് മറ്റ് അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികളെപ്പോലെ സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിലില്ല ഇത്തരം തൊഴിലാളികളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഇവർക്ക് റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധ്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാസഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം , വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കും. ഇത്തരം കാര്യങ്ങൾ അടിയന്തരമായി പരിഹരിക്കേണ്ടത് അനിവാര്യമായതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്ടിന് "2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ആക്ട്" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(1) "സർക്കാർ " എന്നാൽ കേരള സർക്കാർ എന്ന് അർത്ഥമാകുന്നു;

(2) "തൊഴിലാളി" എന്നാൽ ഒരു കാറ്ററിംഗ് സ്ഥാപനം നടത്തുന്ന ആളിന്റെ സ്ഥാപനത്തിൽ കാറ്ററിംഗ് ജോലികൾക്കായി നിയോഗിക്കപ്പെടുന്ന ആൾ എന്ന് അർത്ഥമാകുന്നു;

(3) "കാറ്ററിംഗ്" എന്നാൽ വിവാഹം, വീടുകളിലും ഓഫീസുകളിലും വച്ച് നടത്തുന്ന പ്രത്യേക ചടങ്ങുകൾ, ഹാളുകളിലോ കൺവെൻഷൻ സെന്ററുകളിലോ വച്ച് നടത്തുന്ന ചടങ്ങിലേക്കായി ആഹാരം പാകം ചെയ്യുകയും വിതരണം ചെയ്യുകയും ചെയ്യുക എന്ന് അർത്ഥമാകുന്നു;

(4) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് അനുസരിച്ച് കേരള സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനം എന്ന് അർത്ഥമാകുന്നു;

(5) "ഉടമസ്ഥൻ" എന്നാൽ ഒരു കാറ്ററിംഗ് സ്ഥാപനം നടത്തുന്ന ആൾ എന്ന് അർത്ഥമാകുന്നു;

(6) "കരാർ" എന്നാൽ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് ഉടമസ്ഥനും തൊഴിലാളികളും തമ്മിൽ ധാരണയിലെത്തി രേഖപ്പെടുത്തി ഒപ്പിട്ട ഉടമ്പടി എന്ന് അർത്ഥമാകുന്നു.

3. <u>കാറ്ററിംഗ് സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ.</u>—(1) കാറ്ററിംഗ് സ്ഥാപനം നടത്തുന്ന വ്യക്തി പ്രസ്തുത ജില്ലകളിലെ സ്ഥാപനത്തിന്റെ പേര്, സംസ്ഥാനത്തെ അതത് ജില്ലകളിൽ സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യുകയും അപ്രകാരം രജിസ്റ്റർ ചെയ്തതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന സർട്ടിഫിക്കറ്റ് സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

(2) സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനായി സ്ഥാപനത്തിന്റെ ഉടമസ്ഥൻ അല്ലെങ്കിൽ മാനേജർ രേഖാമൂലം നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള അപേക്ഷാ ഫാറത്തിൽ അപേക്ഷ നൽകേണ്ടതാണ്.

(3) രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുമ്പോൾ രജിസ്ട്രേഷൻ ഫീസായി 3,000 (രൂപ മൂവായിരം മാത്രം) തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്.

(4) രജിസ്ട്രേഷന് അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ അന്വേഷണം നടത്തി മൂന്ന്

മാസത്തിനുള്ളിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുകയോ അല്ലാത്തപക്ഷം അപേക്ഷ നിരസിച്ചതായി രേഖാമൂലം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

(5) മൂന്ന് മാസത്തിനുള്ളിൽ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനം പൂർത്തീകരിച്ചില്ലെങ്കിൽ രജിസ്ട്രേഷൻ ലഭിച്ചതായി കണക്കാക്കി സ്ഥാപനത്തിന്റെ ഉടമസ്ഥ് സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

(6) സ്ഥാപനത്തിന്റെ ഉടമ സ്ഥാപനത്തിന്റെ രജിസ്ട്രേഷന് വേണ്ടി നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള സൗകര്യങ്ങൾ, സ്ഥാപനം പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കപ്പെട്ട കെട്ടിടത്തിൽ ലഭ്യമാക്കിയിട്ടുണ്ടോയെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് പരിശോധിക്കാവുന്നതാണ്.

(7) തദ്ദേശസ്വയംഭരണ സ്ഥാപനം നൽകുന്ന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകപ്പെട്ട തീയതി മുതൽ ഒരു വർഷത്തേക്ക് മാത്രം പ്രാബല്യത്തിലുള്ളതും ഒരു വർഷം കഴിയുന്ന തീയതിക്ക് മുമ്പായി നിർണ്ണയിക്കപ്പെട്ട ഫീസൊടുക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്.

(8) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ തദ്ദേശസ്വയംഭരണ സ്ഥാപനം നിരസിച്ചാൽ ഒരു മാസത്തിനുള്ളിൽ പഞ്ചായത്ത് ഡയറക്ടർ, ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് എന്നിവർക്ക് അതതു സംഗതി പോലെ അപ്പീൽ നൽകാവുന്നതാണ്.

(9) പഞ്ചായത്ത് ഡയറക്ടർ, ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് എന്നിവരുടെ തീരുമാനം അന്തിമമാണ്.

(10) രജിസ്ട്രേഷൻ നടത്താതെ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പ്രവർത്തനം ഈ ആക്ടിന്റെ ലംഘനമായി കണക്കാക്കുന്നതും അത്തരം സ്ഥാപനത്തിന്റെ ഉടമസ്ഥനെ ഈ സ്ഥാപനത്തിന്മേൽ ആറ് മാസം വരെയാകാവുന്ന നടപ്പ് ശിക്ഷയോ അൻപതിനായിരം രൂപ വരെയാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയുള്ള ശിക്ഷയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

4. <u>അവധി അനുവദിക്കൽ</u>.—(1) സ്ഥാപനത്തിൽ ഫുൾടൈം ജോലിക്കായി നിയോഗിക്കപ്പെടുന്ന തൊഴിലാളിക്ക് കരാറിൽ നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായി നിർണ്ണയിക്കപ്പെട്ട മാസ ശമ്പളത്തിന് പുറമെ രണ്ട് ആഴ്ചയിൽ ഒരു ദിവസം വേതനത്തോടുകൂടിയ അവധിക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

(2) വേതനത്തോടുകൂടിയ അവധി ദിവസം ഏതെന്ന് തൊഴിലുടമയും തൊഴിലാളിയും കൂടി കൂട്ടായി തീരുമാനിക്കാവുന്നതാണ്.

5. ആക്ട് ധിക്കരിക്കലും ശിക്ഷയും.— ഈ ആക്ട് പ്രകാരം ശിക്ഷാർഹമായിട്ടുള്ള ഏതെങ്കിലും പ്രവൃത്തിക്കോ വീഴ്ചയ്ക്കോ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമപ്രകാരം ഏതെങ്കിലും ആളിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഈ ആക്ടിലെ യാതൊന്നും തടസ്സമല്ലാത്തതാകുന്നു.

6. മറ്റു നിയമങ്ങളിന്മേലുള്ള അതിപ്രഭാവം ഈ ആക്ടിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ അതിന് വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

7. പരിശോധനക്കുള്ള അധികാരം.—ഈ ആക്റ്റിൻ കീഴിലോ അതിൻകീഴിലുണ്ടാക്കിയ ചട്ടങ്ങൾക്ക് കീഴിലോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ് അധികാരപ്പെട്ടുത്തിയ ഉദ്യോഗസ്ഥരോ അധികാരമുള്ള പോലീസ് ഉദ്യോഗസ്ഥനോ പരിശോധന നടത്തുവാനും ഏതെങ്കിലും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേൽ നിയമ നടപടികൾ സ്വീകരിക്കാവുന്നതാണ്.

8. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്ടിലെ എല്ലാമോ ഏതെങ്കിലുമായതോ ആയ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരം ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം എത്രയുംവേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ അതിനു മുമ്പാകെ 14 ദിവസത്തേയ്ക്ക് അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ ഒന്നിലധികം സമ്മേളനങ്ങളിലോ വയ്ക്കേണ്ടതും അപ്രകാരം അതു വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ പ്രസ്തുത ചട്ടങ്ങളിൽ ഏതെങ്കിലും മാറ്റം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ മാറ്റം വരുത്തിയ രൂപത്തിൽ പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നാൽ അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

9. ആക്ടിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യൽ.—ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ഏതെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം സർക്കാരിന് ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് അവർക്ക് തോന്നുന്ന ഉത്തരവുകൾ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ പുറപ്പെടുവിക്കാവുന്നതാണ്. എന്നാൽ ഈ ആക്ട് നിലവിൽ വന്ന് രണ്ട് വർഷങ്ങൾക്ക് ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവുകളും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ ഹോട്ടൽ മേഖലയിൽ പാചക തൊഴിലാളികളായി ഏകദേശം 12 ലക്ഷം തൊഴിലാളികൾ പണിയെടുത്തു വരുന്നുണ്ട്. ഇത്തരം തൊഴിലാളികൾക്ക് കേരള അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിലുണ്ട്. എന്നാൽ കാറ്ററിംഗ് മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ഇത്തരം തൊഴിലാളികളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ ഇവർക്ക് റിട്ടയർമെൻറ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാസഹായം, വിദ്യാഭ്യാസ ആനുകൂല്യം , പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹത ഉണ്ടായിരിക്കും. ഇത്തരം കാര്യങ്ങൾ പരിഗണിക്കാൻ നിലവിൽ നിയമ സംവിധാനങ്ങൾ ഒന്നുമില്ല. സമൂഹത്തിലെ ദുർബലരായ ഇത്തരം ഒരു ലക്ഷത്തിൽപരം ആളുകളുടെ സുരക്ഷയ്ക്ക് സമൂഹത്തിനും സർക്കാരിനും ബാദ്ധ്യതയുള്ളതിനാൽ അടിയന്തരമായി ഇവ പരിഹരിക്കുന്നതിന് ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് കരുതുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങളും അത് സംബന്ധിച്ച് ഉളവാകുന്ന മറ്റു പ്രശ്നങ്ങളും പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് സർക്കാരിന് സഞ്ചിതനിധിയിൽ നിന്നും യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുക്കുന്ന നിയമനിർമ്മാണം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതും സഭയ്ക്ക് അത് അംഗീകരിക്കുവാനോ ഭേദഗതി ചെയ്യുവാനോ റദ്ദ് ചെയ്യുവാനോ ഉള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്. ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം നടപടി ക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയതിനാൽ സാധാരണ സ്വഭാവത്തിലുള്ളതാണ്.

വി. പി. സജീന്ദ്രൻ, എം. എൽ. എ.